13543
1/9/16

I & PRD

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് - പൊന്നാനി എം.ഐ.ഹൈസ്കൂളിൽ യു.പി.എസ്.എ. ആയിരുന്ന ശ്രീ. ഷാഹുൽ ഹമീദ് റാവുത്തർക്ക് അനുതാപബത്ത അനുവദിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (**പെൻഷൻ-ബി**) വകുപ്പ്

സ.ഉ.(എം.എസ്) നം. **351**/16/ധന                    തിരുവനന്തപുരം, തീയതി : **.25.08.2016.**

---

പരാമർശം : സ.ഉ (എം.എസ്) നം. 244/2015/പൊ.വി. തീയതി 07.09.2015

**ഉത്തരവ്**

പൊന്നാനി എം.ഐ ഹൈസ്കൂളിൽ യു.പി.എസ്.എ ആയിരുന്ന ശ്രീ. ഷാഹുൽ ഹമീദ് റാവുത്തർക്ക് പരാമർശത്തിലെ ഉത്തരവ് പ്രകാരം അനുതാപ ബത്ത അനുവദിച്ച് ഉത്തരവായിരുന്നു.

2. കേരളാ സർവ്വീസ് ചട്ടങ്ങൾ ഭാഗം III ചട്ടം 57 ന്റെ ചുവടെയുള്ള കുറിപ്പ് 2, പ്രകാരം അനുതാപബത്ത അനുവദിക്കുന്നത് ഒരു ഔദാര്യമായതിനാൽ വീണ്ടും റൗണ്ടിങ്ങ് അനുവദിക്കുന്നതല്ല. അതിനാൽ അനുതാപബത്തയായി അനുവദിക്കുന്നതിന് മിനിമം 10 വർഷം സർവ്വീസ് ആവശ്യമാണ്. ശ്രീ. ഷാഹുൽ ഹമീദ് റാവുത്തർക്ക് ആകെ 5 വർഷവും 2 മാസവും 6 ദിവസവും മാത്രമേ സർവ്വീസുള്ളൂ. ആയതിനാൽ ടിയാന് അനുതാപബത്തയ്ക്ക് അർഹതയില്ല. കൂടാതെ WA. No. 949/2014 എന്ന കേസിന്റെ 03.12.2015 ലെ അന്തിമ വിധിന്യായത്തിൽ സർവ്വീസിൽ നിന്നും രാജി വച്ചവരുടെ പൂർവ്വകാല സർവ്വീസ് കെ.എസ്.ആർ ഭാഗം 3 ചട്ടം 29 (a) പ്രകാരം നഷ്ടപ്പെടുന്നതാണെന്നുള്ള ചട്ടം ഭരണഘടനാപരമായി നിലനിൽക്കുന്നതാണെന്നും, രാജി വച്ചവർക്ക് യാതൊരുവിധ പെൻഷൻ ആനുകൂല്യങ്ങളും നൽകുവാൻ കഴിയില്ലായെന്ന സർക്കാർ നിലപാട് അംഗീകരിച്ചും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

3. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് ശ്രീ. ഷാഹുൽ ഹമീദ് റാവുത്തർക്ക് 17.06.2015 ലെ ഇനം. 6894

മന്ത്രിസഭാ യോഗ തീരുമാന പ്രകാരം അനുതാപബത്ത അനുവദിച്ച പരാമർശ ഉത്തരവ് കെ.എസ്.ആർ.ഭാഗം III ലെ ചട്ടങ്ങൾ, ബഹു. ഹൈക്കോടതി ഉത്തരവ്, ഭരണഘടന സാധുത എന്നിവ പ്രകാരം ക്രമ പ്രകാരമല്ലാത്തതിനാൽ 07.09.2015-ലെ സ.ഉ.(എം.എസ്) നം. 244/15/പൊ.വി എന്ന ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**

**കെ.എം.എബ്രഹാം**

**അഡീഷണൽ ചീഫ് സെക്രട്ടറി(ധനകാര്യം)**

1) ശ്രീ.ഷാഹുൽ ഹമീദ് റാവുത്തർ, റ്റി.സി.4/265/1, ശാന്തിമാർഗ്ഗ് ലെയിൻ, സി.എച്ച്.എൽ.ആർ.എ 7, കുറവൻകോണം ,കവടിയാർ പി.ഒ, തിരുവനന്തപുരം ,695003.
2) മാനേജർ, എം.ഐ. ഹൈസ്കൂൾ, പൊന്നാനി, മലപ്പുറം
3) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
4) വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
5) ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരൂർ, മലപ്പുറം
6) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ആന്റ് എ&ഇ), കേരള, തിരുവനന്തപുരം.
7) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. 207, തീയതി 19/8/2016 പ്രകാരം)
8) പൊതുവിദ്യാഭ്യാസ (എ) വകുപ്പ് (യു.ഒ.ഫ.നം. 55987/എ 2/15/പൊ.വി)
9) ധനകാര്യ (വിദ്യഭ്യാസ എ) വകുപ്പ് (യു.ഒ.ഫ.നം. എഡ്യൂ.എ 3/211/16/ധന)
10) നോഡൽ ഓഫീസർ, www.finance.kerala.gov.in
11) ഡയറക്ടർ വിവര പൊതു ജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
12) കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

## കേരള സർക്കാർ

### (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഡ്യൂ. A3(പെൻ.ബി3)/211/2015/ധന |
| 2 | വകുപ്പ് | ധനകാര്യ വകുപ്പ് |
| 3 | വിഷയം | പൊന്നാനി എം.ഐ. ഹൈസ്കൂളിൽ യു.പി.എസ്.എ ആയിരുന്ന ശ്രീ. ഷാഹുൽ ഹമീദ് റാവുത്തറിന് 17/06/2015-ലെ മന്ത്രിസഭാ യോഗതീരുമാനം, ഇനം നം.6894 ന്റെ അടിസ്ഥാനത്തിൽ 07.09.2015 ലെ G.O(Ms)No. 244/15/G.Edn എന്ന ഉത്തരവ് പ്രകാരം അനുതാപബത്ത അനുവദിച്ച മന്ത്രിസഭാ തീരുമാനം പുന:പരിശോധിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29.07.2016 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | അല്ല |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | ഫയൽ ധനകാര്യ വകുപ്പ് തന്നെയാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി അലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി സഫിയ.എ.എസ്സ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. കെ.എം.എബ്രഹാം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.08.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്. എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13.08.2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പ്രൊഫ.സി.രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 17.08.2016 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.08.2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

85

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. പൊന്നാനി എം . ഐ . ഹൈസ്കൂളിൽ യു . പി . എസ് . എ ആയിരുന്ന ശ്രീ ഷാഹുൽ ഹമീദ് റാവുത്തറിന് 17/06/2015-ലെ മന്ത്രിസഭാ യോഗതീരുമാനം ,ഇനം നം 6894 ന്റെ അടിസ്ഥാനത്തിൽ 07.09.15 ലെ G.O.(MS)No. 244/15/ G.Edn.എന്ന ഉത്തരവ് പ്രകാരം അനുതാപബത്ത അനുവദിച്ച മന്ത്രിസഭാ തീരുമാനം പുന: പരിശോധിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2.. ശ്രീ ഷാഹുൽ ഹമീദ് റാവുത്തർ യു . പി . എസ് . എ ആയി പൊന്നാനി എം . ഐ . ഹൈസ്കൂളിൽ 12.11.1973-ൽ സർവ്വീസിൽ പ്രവേശിച്ചു. പിന്നിട് ഉപരിപഠനാർത്ഥം 16.08.1971 മുതൽ 11.07.1978 വരെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 17.10.1978 മുതൽ 15.02.1979 വരെയും ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. തുടർന്ന് വിവിധ കാലയളവുകളിലായി 19.02.1979 മുതൽ 29.04.1985 വരെയും ശൂന്യവേതനാവധി അനുവദിച്ചു. എന്നാൽ ശൂന്യവേതനാവധിക്കുശേഷം ടിയാൻ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി നിന്നും വിട്ടുനിൽക്കുകയുണ് ചെയ്തത്. തുടർന്ന് ടിയാൻ സർക്കാരിന്റേയോ/ വകുപ്പിന്റേയോ അനുമതിയില്ലാതെ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള ("SILK")-എന്ന പൊതുമേഖല സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കുകയും തന്നെ വിടുതൽ ചെയ്യണമെന്ന് കാണിച്ച് ടിയാൻ സ്കൂൾ അധികാരികൾക്ക് അപേക്ഷ നൽകുകയും ചെയ്തു. അനധികൃതമായി ജോലിക്ക് ഹാജരാകാതെയിരുന്നതിനാൽ, ടിയാന്റെ അപേക്ഷ രാജിയായി പരിഗണിച്ച് ,സ്കൂൾ അധികാരികൾ ടിയാനെ 01.05.1985 മുതൽ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയുണ്ടായി.

3. ശ്രീ ഷാഹുൽ ഹമീദ് റാവുത്തറിന് ആകെ 5 വർഷം 2 മാസം 6 ദിവസം സർവ്വീസ് ഉണ്ട്. ടിയാന് മിനിമം പെൻഷൻ , എക്സ്ഗ്രേഷ്യാ പെൻഷൻ , അനുതാപ ബത്ത എന്നിവ അനുവദിക്കണം എന്നത് സംബന്ധിച്ച് നിരവധി തവണ ഫയൽ ധനകാര്യ വകുപ്പിൽ അനുമതിക്കായ് വരികയും ടിയാന്റെ ആവശ്യം മുൻ ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ നിരസിക്കുകയും ചെയ്തു . തുടർന്ന് ധനവകുപ്പിന്റെ അഭിപ്രായം മറികടന്ന് വിഷയം ഒരു പ്രത്യേക കേസ്സായി പരിഗണിക്കുന്നതിന് മുൻ വിദ്യഭ്യാസ മന്ത്രി ഫയൽ മുൻ മുഖ്യമന്ത്രിക്ക് സമർപ്പിച്ചു.

4. പ്രസ്തുത വിഷയം 17/06/2015-ലെ മന്ത്രിസഭായോഗം ,ഇനം നം 6894 ആയി പരിശോധിച്ച് ശ്രീ . ഷാഹുൽ ഹമീദ് റാവുത്തർക്ക് നിലവിലുള്ള സർവ്വീസ് ചട്ടങ്ങളിൽ ഇളവുവരുത്തി ധനവകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന്ഒരു പ്രത്യേക കേസ്സ് എന്ന നിലയിൽ അനുതാപബത്ത അനുവദിക്കുവാൻ തീരുമാനിച്ചു. ഇതിനെ തുടർന്ന് ഭ.വ തയ്യാറാക്കിയ കരട് ഉത്തരവ് ധന വകുപ്പ് അംഗീകരിക്കുന്നതിനായി സമർപ്പിച്ചപ്പോൾ കൗൺസിൽ തീരുമാനം പുന : പരിശോധിക്കുവാൻ മുൻ ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ ആവശ്യപ്പെട്ടു.

5. എന്നാൽ, ഇതൊരു കീഴ് വഴക്കമാകാൻ പാടില്ല എന്ന വ്യവസ്ഥയിൽ ഒരു പ്രത്യേക കേസ്സായി 17.09.15 ലെ G.O.(കൈ) No. 244/15/G.Edn പ്രകാരം അനുതാപബത്ത അനുവദിച്ച് ഉത്തരവായി.തുടർന്ന്ശ്രീ ഷാഹുൽ മുൻകാല പ്രാബല്യം നൽകണമെന്ന് കാണിച്ച് സർക്കാരിനെ സമീപിച്ചു. തുടർന്ന് മുൻ.വിദ്യാഭ്യാസ മന്ത്രി ടിയാന്റെ അപേക്ഷ ധന വകുപ്പിന്റെ അഭിപ്രായത്തിനായി ഈ വകുപ്പിലേക്ക് അയച്ചിരിക്കുന്നു.

6. WA. No.949/2014 എന്ന കേസിന്റെ 03.12.2015 ലെ അന്തിമ വിധിന്യായത്തിൽ സർവ്വീസിൽ നിന്നും രാജി വെച്ചവരുടെ പൂർവ്വകാല സർവ്വിസ് KSR ഭാഗം 3 ചട്ടം 29 (a) പ്രകാരം നഷ്ടപ്പെടുന്നതാണെന്നുള്ള ചട്ടം ഭരണഘടനപരമായി നിലനിൽക്കുന്നതാണെന്നും രാജി വെച്ചവർക്ക് യാതൊരുവിധ പെൻഷൻ അനുകൂല്യങ്ങളും നൽകുവാൻ കഴിയില്ലായെന്ന സർക്കാർ നിലപാട് അംഗീകരിച്ചും ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

7. ചട്ടം 57 ന്റെച്ചുവടെയുള്ള കുറിപ്പ് 2, ഭാഗം 3 കെഎസ്ആർ പ്രകാരം അനുതാപബത്ത അനുവദിക്കുന്നത് ഒരു ഔദാര്യമായതിനാൽ വീണ്ടും റൗണ്ടിങ്ങ് അനുവദിക്കുന്നതല്ല. അതിനാൽ അനുതാപബത്തയായി അനുവദിക്കുന്നതിന് മിനിമം 10 വർഷം സർവ്വിസ് ആവശ്യമാണ്. ഇവിടെ ടിയാന് ആകെ 5 വർഷവും 2 മാസവും 6 ദിവസവും മാത്രമേ സർവ്വിസുള്ളു. ആയതിനാൽ ടിയാന് അനുതാപബത്തയ്ക്ക് അർഹതയില്ല. കൂടാതെ സർവ്വീസിൽ നിന്നും രാജി വെച്ചവർക്ക് യാതൊരുവിധ പെൻഷൻ അനുകൂല്യങ്ങൾൾക്കും അർഹതയില്ല.

8. മേൽ സാഹചര്യത്തിൽ ശ്രീ ഷാഹുൽ ഹമീദ് റാവുത്തറിന് 17/06/2015 ,ഇനം നം 6894 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 07.09.15 ലെ G.O.(MS)No.244/15/G.Edn എന്ന

ഉത്തരവ് പ്രകാരം അനുതാപബത്ത അനുവദിച്ചത് കെ . എസ് . ആർ ഭാഗം III-ലെ ചട്ടങ്ങൾ, ബഹു.ഹൈക്കോടതി ഉത്തരവ്,ഭരണഘടന സാധുത എന്നിവ പ്രകാരം ക്രമപ്രകാരമല്ലാത്തതിനാൽ ബഹു.കൗൺസിൽ തീരുമാനം പുന: പരിശോധിക്കുന്നതിന് വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യ മന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് ശ്രീ ഷാഹുൽ ഹമീദ് റാവുത്തറിന് 17/06/2015 ,ഇനം നം 6894 ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 07.09.15 ലെ G.O.(MS)No.244/15/G.Edn എന്ന ഉത്തരവ് പ്രകാരം അനുതാപബത്ത അനുവദിച്ചത് കെഎസ്ആർ ഭാഗം III-ലെ ചട്ടങ്ങൾ, ബഹു.ഹൈക്കോടതി ഉത്തരവ്, ഭരണഘടന സാധുത എന്നിവ പ്രകാരം ക്രമപ്രകാരമല്ലാത്തതിനാൽ ടി ഉത്തരവ് റദ്ദ് ചെയ്യാവുന്നതാണോ.

71

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-08-2016.

ഫയൽ നം.എഡ്യൂ.എ3(പെൻ.ബി3)/211/2015/ധന. ഇനം നം: 207

വിഷയം : ധനകാര്യ വകുപ്പ് - പൊന്നാനി എം.ഐ. ഹൈസ്കൂളിൽ യു.പി.എസ്.എ. ആയിരുന്ന ശ്രീ. ഷാഹുൽ ഹമീദ് റാവുത്തറിന് 17.06.2015-ലെ മന്ത്രിസഭാ യോഗ തീരുമാനം, ഇനം നം.6894-ന്റെ അടിസ്ഥാനത്തിൽ 07.09.2015-ലെ സ.ഉ.(എം.എസ്.) നം.244/2015/പൊ.വി. എന്ന ഉത്തരവ് പ്രകാരം അനുതാപബത്ത അനുവദിച്ച മന്ത്രിസഭാ തീരുമാനം പുനഃപരിശോധിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

AS (Pen)
20/8

JS/US pen
22/8/16